11 ഡിസംബർ 2013

## കേരള സർക്കാർ

# ഊർജ്ജസംരക്ഷണ അവാർഡ് 2013

### പ്രഖ്യാപനം

ഊർജ്ജ ഉല്പാദനംപോലെ തന്നെ ഏറ്റവും അധികം പ്രാധാന്യം അർഹിക്കുന്നതാണ് ഊർജ്ജസംരക്ഷണവും. ഊർജ്ജം ഉല്പാദിപ്പിച്ച് അത് പ്രസരണ - വിതരണ ശൃംഖലയിൽ കൂടി ഉപഭോക്താക്കളിൽ എത്തുമ്പോൾ ഉണ്ടാവുന്ന ഊർജ്ജ നഷ്ടവും ഉപഭോക്താക്കൾ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ കാര്യക്ഷമതയും കണക്കിലെടുത്താൽ ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ അടുത്തെത്തുവാൻ 2 മുതൽ 3 യൂണിറ്റ് വരെ വൈദ്യുതി ഉല്പാദന ശേഷി ആവശ്യമായി വരുന്നു. അതുപോലെതന്നെ ഇന്നുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ മുഖ്യ കാരണമായ കാർബൺ ഡൈഓക്സൈഡിന്റെ 60 ശതമാനവും വൈദ്യുതി ഉല്പാദനവും അതിന്റെ ഉപഭോഗവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതിനാൽ ഒരു യൂണിറ്റ് വൈദ്യുതി നാം ലാഭിക്കുമ്പോൾ 2 മുതൽ 3 യൂണിറ്റ് വരെ സ്ഥാപിതശേഷിയും അതിൽ നിന്ന് പുറപ്പെടുന്ന കാർബൺ ഡൈഓക്സൈഡും നമുക്ക് കുറയ്ക്കുവാൻ സാധിക്കുന്നു. ആയതിനാൽ ഊർജ്ജ ഉല്പാദനത്തേക്കാൾ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിച്ച് പുതിയതും പുതുക്കപ്പെടാവുന്നതുമായ ഊർജ്ജ സ്രോതസ്സുകളും ഉപയോഗിച്ച് വരുംകാലങ്ങളിൽ വരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റാനാണ് ഇന്ന് പല രാജ്യങ്ങളും ശ്രമിക്കുന്നത്.

സംസ്ഥനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കേരള സർക്കാർ ഏർപ്പെടുത്തിയ ഊർജ്ജസംരക്ഷണ അവാർഡുകളാണ് ഇന്ന് ഇവിടെ പ്രഖ്യാപിക്കുന്നത്. എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി സർക്കാർ രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റിയാണ് അപേക്ഷകൾ പരിശോധിച്ച് അവാർഡുകൾ നിർണ്ണയിച്ചത്.

ഈ വർഷം വൻകിട-ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, ഊർജ്ജ സംരക്ഷണ പ്രോത്സാഹകർ, കെട്ടിടങ്ങൾ എന്നീ നാല് വിഭാഗങ്ങളിലായാണ് അവാർഡുകൾ നൽകുന്നത്. വൻകിട ഇടത്തരം വിഭാഗത്തിൽ രാജീവ്ഗാന്ധി കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട്സ് (എൻ.ടി.പി.സി, കായംകുളം) അവാർഡിനർഹമായി. ഈ വിഭാഗത്തിൽ പ്രശസ്തി പത്രത്തിന് അർഹമായത് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് കോട്ടയവും, ഇന്നോവേറ്റീവ് ഫുഡ്സ് ലിമിറ്റഡ് ആലപ്പുഴ, മിൽമ വയനാട് ഡയറിയുമാണ്.

ഈ വർഷം ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ വിഭാഗത്തിൽ അവാർഡിന് ആരും അർഹരായിട്ടില്ല. റൂബെക് ബല്ലൂൺസ് പ്രൈവറ്റ് ലിമിറ്റഡ്, ഏറണാകുളം ആണ് ഈ വിഭാഗത്തിൽ പ്രശസ്തി പത്രം നേടിയത്.

ഊർജ്ജസംരക്ഷണ പ്രോത്സാഹകർ വിഭാഗത്തിൽ ശ്രീ. സത്യസായി ഓർഫനേജ് ട്രസ്റ്റ് അവാർഡിനും, കാസർഗോഡ് ജില്ലയിലെ പൊതാവൂർ എ.വി.പി. സ്കൂളിലെ ഹരിതസേന, ശ്രീ. ഉണ്ണി അമ്മയമ്പലം, ശ്രീ. കെ. സി. ബൈജു എന്നിവർ പ്രശസ്തി പത്രത്തിനും അർഹമായി.

കെട്ടിടങ്ങൾ വിഭാഗത്തിൽ കൊച്ചിൻ ഇന്റർ നാഷണൽ എയർപോർട്ട് ലിമിറ്റഡ് അവാർഡിനും, ബി.എസ്.എൻ.എൽ ടെലിഫോൺ എക്സ്ചേഞ്ച്, കണ്ണൂർ പ്രശസ്തി പത്രത്തിനും അർഹമായി.

ഈ വർഷം 62 അപേക്ഷകളാണ് ലഭിച്ചത്. ഇവർക്ക് ലാഭിക്കാനായത് 43.27 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 18293.34 ടൺ ഇന്ധന എണ്ണയും 5500 ടൺ കൽക്കരിയും 34.49 ടൺ എൽ.പി. ജി യുമാണ്.

അവാർഡുകൾ ദേശീയ ഊർജ്ജസംരക്ഷണദിനമായ ഡിസംബർ 14 ന് ഏറണാകുളം , കലൂർ ഐ.എം.എ ഹാളിൽവെച്ച് ബഹു:ഊർജ്ജ വകുപ്പ മന്ത്രി ശ്രീ.ആര്യാടൻ മുഹമ്മദ് വിതരണം ചെയ്യുന്നതായിരിക്കും.